**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4976** **20-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേമ കോർപ്പറേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ വകുപ്പിന്റെ കീഴിൽ നിലവിലുള്ള ക്ഷേമ കോർപ്പറേഷനുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | തൊഴിൽ വകുപ്പിന്റെ കീഴിൽ ക്ഷേമ കോർപ്പറേഷനുകൾ നിലവിലില്ല. വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളാണുള്ളത്. |
| (ബി) | ഓരോ ക്ഷേമ കോർപ്പറേഷനുകളും നടപ്പിലാക്കുന്ന പദ്ധതികളും ലഭിക്കുന്ന ആനുകൂല്യങ്ങളും അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (ബി) | ഓരോ ക്ഷേമനിധി ബോർഡും അത് സ്ഥാപിക്കപ്പെട്ട ആക്റ്റ്/പദ്ധതിയിൽപ്പറയുന്ന ആനുകൂല്യങ്ങൾ, അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം വിതരണം ചെയ്യുന്നു. |
| (സി) | ഏതൊക്കെ ക്ഷേമ കോർപ്പറേഷനുകൾ പരസ്പരം ലയിപ്പിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | (സി) | തൊഴിൽ വകുപ്പിനു കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കള്ള് വ്യവസായ തൊഴി ലാളി ക്ഷേമനിധി ബോർഡുമായും. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡുമായും കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ